# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# എപ്പിസ്കോപ്പാസ്ഥാനികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള
# മാനദണ്ഡങ്ങളും നടപടിക്രമവും

## ആമുഖം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ്. ഒരു എപ്പിസ്കോപ്പാ തന്റെ ഇടവക ജനങ്ങളുടെ ആത്മീകവും ലൗകീകവുമായ എല്ലാ കാര്യങ്ങളുടെയും ശ്രേഷ്ഠ ഇടയനാണ്. ആയതിനാൽ എപ്പിസ്കോപ്പാസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് ഏറ്റവും ശ്രേഷ്ഠവും നീതിയുക്തവും ആയിരിക്കണം. നാളിതുവരെയായി എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ലഭിച്ചിട്ടുള്ളത് വിശുദ്ധിയും, സ്വയപരിത്യാഗവും, പ്രഗത്ഭ്യവും, സമൂഹമദ്ധ്യത്തിൽ അംഗീകാരവുമുള്ള വ്യക്തിത്വത്തിന്റെ ഉടമകളെയാണ്. മുൻകാലങ്ങളിൽ ഈ സ്ഥാനത്തേക്ക് കടന്നുവരാൻ വിമുഖത കാട്ടിയിട്ടുള്ളവരെ സഭ നിർബന്ധിച്ച് ആ സ്ഥാനത്തേക്ക് കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അടുത്തയിടെയായി ഈ സ്ഥാനത്തേക്ക് സ്വയം സ്ഥാനാർത്ഥികളായി പ്രഖ്യാപിച്ചുകൊണ്ട്, രാഷ്ട്രീയരീതിയിൽ സ്വാധീനങ്ങളും മറ്റ് പ്രചരണ തന്ത്രങ്ങളും ഉപയോഗിച്ച് സഭയുടെ യശസ്സ് മങ്ങുന്ന രീതിയിൽ പലരും പ്രവർത്തിക്കുവാൻ ഇടയായിട്ടുണ്ട്. ഈ പ്രവണത പരിശുദ്ധ സഭയുടെ സൽപ്പേരിനും, പരമ്പരാഗതമായി ലഭിച്ചിട്ടുള്ള മൂല്യങ്ങളുടെ ധന്യതയ്ക്കും പ്രകടമായ കോട്ടം വരുത്തിയിട്ടുണ്ട്. ഈ സ്ഥിതി മാറ്റാത്തപക്ഷം സഭയുടെ ഭാവി ശ്രേയസ്കരമാവുകയില്ല. സഭയെ ആധുനിക കാലഘട്ടത്തിൽ കാലാനുസൃതമായും, പുരോഗാത്മകമായും നയിക്കുവാൻ അനുയോജ്യസ്ഥാനികളെ തെരഞ്ഞെടുക്കേണ്ടത് നമുക്ക് ബാധ്യതയും, ആവശ്യവുമായിരിക്കുന്നു.

ക്രിസ്തീയ സഭയുടെ പാരമ്പര്യമനുസരിച്ച് സഭാ സ്ഥാനികളെ തെരഞ്ഞെടുക്കുവാൻ സഭാദ്ധ്യക്ഷന്മാർ മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും ക്രമീകരിക്കുകയും, അവയനുസരിച്ച് സഭാംഗങ്ങൾ അവരെ തെരഞ്ഞെടുക്കുകയുമായിരുന്നു പതിവ്. ആദിമസഭ കൂടിവന്നപ്പോൾ ശ്ലീഹന്മാരിൽ പ്രധാനിയായ പത്രോസ്, പന്ത്രണ്ടുശ്ലീഹന്മാരിൽ ഒരാളായിരുന്ന ഈസ്കറിയോത്താ യൂദായുടെ ഒഴിവിലേക്ക് ഒരാളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അറിയിച്ചു: "കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചുപോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീരേണം"(അപ്പോ. പ്ര. 2: 21 – 22 ). അതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരെ കണ്ടെത്തി അവരിൽ ഒരാളെ പ്രാർത്ഥനയ്ക്കുശേഷം ചീട്ടിട്ടെടുത്തു. അപ്രകാരം മത്ഥിയാസ് പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. മറ്റൊരവസരത്തിൽ, ദൈവവചനശുശ്രൂഷയിൽ അപ്പോസ്തലന്മാർ കൂടുതൽ ശ്രദ്ധിക്കുന്നതിനുവേണ്ടി, സഭയിലുള്ള ആളുകളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ ഏഴു ശെമ്മാശ്ശന്മാരെ തെരഞ്ഞെടുക്കുമ്പോഴും, പന്ത്രണ്ട് അപ്പോസ്തലന്മാർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി അവരോട് തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ മാനദണ്ഡങ്ങൾ അറിയിച്ചു. "ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽതന്നെ തിരഞ്ഞുകൊൾവീൻ; അവരെ ഈ വേലയ്ക്ക് ആക്കാം" (അപ്പോ. പ്ര. 6: 3). അവർ ഏഴുപേരെ തെരഞ്ഞെടുത്ത് അപ്പോസ്തലന്മാരുടെ മുൻപാകെ നിർത്തുകയും അവർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെയ്പ് നടത്തുകയും ചെയ്തു. ആദിമ സഭയിലെ എപ്പിസ്കോപ്പാ (അദ്ധ്യക്ഷൻ), കശ്ശീശ്ശാ, ശെമ്മാശ്ശൻ എന്നീ സ്ഥാനങ്ങളിലേക്ക് വരുന്നവർക്ക് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് പരിശുദ്ധ പൗലോസ് ശ്ലീഹാ ആണല്ലോ നിശ്ചയിച്ച് തീമോത്തിയോസിനുള്ള രണ്ടു ലേഖനങ്ങളിലും, തീത്തോസിനുള്ള ലേഖനത്തിലും കൂടി സഭയിൽ നടപ്പാക്കിയത്.

മേൽപറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മലങ്കര സഭയുടെ പിതാക്കന്മാർ സഭാ ഭരണഘടന ക്രോഡീകരിച്ചപ്പോൾ അതിന്റെ 107, 128, 113 എന്നീ വകുപ്പുകളിൽ ഈ പാരമ്പര്യം നിലനിർത്തി.

**<u>വകുപ്പ് 107</u>**

"വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order, Discipline) എന്നിതുകളെ സ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിന് എപ്പിസ്കോപ്പൽ സിനഡിന് അധികാരമുള്ളതാകുന്നു. ഇതിലേക്കായി സിനഡു കൂടുമ്പോൾ ആലോചനയ്ക്കായി സിനഡിന് ആവശ്യമെന്ന് തോന്നുന്നവരെ തെരഞ്ഞെടുക്കാവുന്നതാകുന്നു."

**<u>വകുപ്പ് 128</u>**

"വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ എന്നിതുകളെ ബാധിക്കുന്ന യാതൊരു നിശ്ചയവും പാസ്സാക്കുന്നതിന് ഇടവകയോഗത്തിനോ, ഇടവക മാനേജിംഗ് കമ്മറ്റിക്കോ, മെത്രാസന ഇടവകയോഗത്തിനോ, മെത്രാസന കൗൺസിലിനോ, മലങ്കര അസോസ്സിയേഷനോ, അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിക്കോ അധികാരമില്ലാത്തതാകുന്നു".

എന്നാൽ <u>**വകുപ്പ് 113**</u> - ൽ പറയുന്നത് "ഒരാൾക്ക് എപ്പിസ്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ, ആ സ്ഥാനത്തേക്ക് അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും, ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുന്ന പക്ഷം, സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിന് പട്ടം കൊടുക്കേണ്ടതും ആകുന്നു. തെരഞ്ഞെടുപ്പിന് അസ്സോസിയേഷനിൽ ഹാജരുള്ള പട്ടക്കാരുടേയും അത്മായക്കാരുടേയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാകുന്നു" എന്നാണ്.

**ഇപ്രകാരം എപ്പിസ്കോപ്പൽ സുന്നഹദോസ് മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട ആളുകളെ സംബന്ധിച്ച യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിക്കുമ്പോൾ, അതിൻപ്രകാരം മലങ്കര സഭയുടെ പ്രതിനിധിസംഘമായ മലങ്കര അസ്സോസിയേഷൻ അവരെ തെരഞ്ഞെടുക്കുകയാണ് ചെയ്യേണ്ടത്.**

ആയതിനാൽ ഈ തെരഞ്ഞെടുപ്പ് സുഗമവും നീതിപൂർവ്വവുമായി നടത്തപ്പെടുന്നതിലേക്ക് ആവശ്യമായ നടപടിച്ചട്ടങ്ങൾ നമ്മുടെ മുൻഗാമികളായ മലങ്കരമെത്രാപ്പോലീത്തന്മാർ 15.09.1970- ലും, അവ പുതുക്കി 1.06.1989 ലും നിശ്ചയിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ആ നടപടിച്ചട്ടങ്ങളുടെ ആറാം ഭാഗം 10-ാം വകുപ്പിൽ 3-ാം ഉപവകുപ്പ് പറയുന്ന പ്രകാരം "ഈ നടപടിച്ചട്ടങ്ങൾ സംബന്ധിച്ചോ, അസ്സോസിയേഷൻ യോഗത്തിൽ ചെയ്യുന്ന തീരുമാനങ്ങൾ സംബന്ധിച്ചോ, ഇവയിൽപ്പെടാത്തതായി അസ്സോസിയേഷൻ യോഗനടത്തിപ്പിന് അതാത് സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അസ്സോസിയേഷൻ യോഗത്തിൽ വച്ചോ അതിനു മുമ്പോ, അപ്പോഴപ്പോൾ വേണ്ട തീരുമാനം ചെയ്യുന്നതിന് പ്രസിഡണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതും പ്രസിഡണ്ട് ചെയ്യുന്ന തീരുമാനങ്ങളെ ആർക്കും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതും ആകുന്നു".

മേൽസൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, മേൽപ്പട്ടസ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ആവശ്യമായ മാനദണ്ഡങ്ങളും, നടപടിച്ചട്ടങ്ങളും പുതുക്കി നിശ്ചയിക്കണമെന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നമ്മോട് ശുപാർശ ചെയ്തതനുസരിച്ച് അതിനുള്ള നടപടിച്ചട്ടങ്ങൾ കാലാനുസൃതമായി മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം പുതുക്കി ക്രമീകരിച്ചിട്ടുണ്ട്. ആയതിലേക്ക് എല്ലാ മെത്രാപ്പോലീത്തന്മാരുടേയും, സഭയിലെ പല സീനിയർ വൈദികരുടേയും, സഭയുടെ ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ പല അഭിഭാഷകരുടേയും, നമ്മുടെ സഭയുടെ കേസുകൾ നടത്തുന്ന സീനിയർ അഭിഭാഷകരുടേയും വിദഗ്ദ്ധ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും നാം പരിഗണിച്ചുകൊണ്ടാണ് ഈ മാനദണ്ഡങ്ങളും നടപടിക്രമവും രൂപപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ താഴെ വിവരിക്കുന്ന പ്രകാരം മേൽപ്പട്ടസ്ഥാനികളുടെ തെരഞ്ഞെടുപ്പ് നടപടിക്രമം നാം ഇതിനാൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

http://www.malankaraorthodox.tv/

## A. മാനദണ്ഡങ്ങൾ

### A-1: പ്രായം:

40- നും 55- നും ഇടയ്ക്ക്

**A-1(a)** മറ്റ് എല്ലാ മാനദണ്ഡങ്ങളും അനുസരിച്ച് യോഗ്യരായി കണ്ടെത്തപ്പെടുന്നവർക്ക് ഉയർന്ന പ്രായപരിധിയുടെ കാര്യത്തിൽ മൂന്ന് വർഷം വരെ ഇളവ് അനുവദിക്കാവുന്നതാണ്. (58 വയസ്സുവരെ) പ്രായപരിധി നിർണ്ണയിക്കുന്നത് അസ്സോസിയേഷൻ യോഗം ചേരുന്ന ദിവസം കണക്കാക്കിയായിരിക്കും. (As on the date of Association) [2009 ഓഗസ്റ്റ് മാസം 25 മുതൽ 28 വരെ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതും, 2009 ഒക്ടോബർ മാസം 22 -ാം തീയതി സമ്മേളിച്ച മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതുമായ ഭേദഗതി.]

### A-2: വിദ്യാഭ്യാസം:

1. സെക്യുലർ - ബാച്ചിലർ ബിരുദം (മിനിമം)
2. **തിയോളജിക്കൽ - ബി. ഡി. ബിരുദം (മിനിമം)**

എല്ലാറ്റിനും വ്യക്തമായ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം.

### A-3: വൈദിക പരിചയം:

പൗരോഹിത്യപദവിയിൽ 10 വർഷമെങ്കിലും പൂർത്തിയാക്കിയവരും, (അതിൽ) 5 വർഷമെങ്കിലും ഇടവകയിൽ വൈദിക ശുശ്രൂഷ ചെയ്തിട്ടുള്ളവരുമായ അവിവാഹിത പട്ടക്കാരെ ആയിരിക്കണം പരിഗണിക്കേണ്ടത്.

### A-4: ആരോഗ്യം:

ശാരീരികവും, മാനസികവും, വൈകാരികവുമായ ആരോഗ്യമുള്ളവരായിരിക്കണം.

### A-5: പൊതുവായി:

വേദശാസ്ത്രജ്ഞാനം, പ്രഭാഷണകല, അജപാലന തൽപരത, നല്ല മനുഷ്യബന്ധങ്ങൾ, നല്ല സാമൂഹ്യ ബോധം, എക്യുമെനിക്കൽ ബന്ധങ്ങൾ, ഭരണസാമർത്ഥ്യം, നേതൃപാടവം, സന്യാസ ജീവിത ശുഷ്കാന്തി തുടങ്ങിയവയിൽ സവിശേഷ സാക്ഷ്യവും, മികവും ഉള്ളവരായിരിക്കണം.

http://www.malankaraorthodox.tv

**A-6: അയോഗ്യത:**

എപ്പിസ്കോപ്പാ സ്ഥാനികളെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തെരഞ്ഞെടുത്ത് ഭരണഘടനയുടെ 113-ാം വകുപ്പ് പ്രകാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുന്നതുവരെ മലങ്കര അസ്സോസിയേഷനു മുമ്പോ, അതിനുശേഷമോ എപ്പിസ്കോപ്പാ സ്ഥാനത്തിനുവേണ്ടി സ്വയമായോ, മറ്റുള്ളവർ മുഖാന്തിരമോ, ഏതെങ്കിലും സന്ദർഭത്തിൽ, ഏതെങ്കിലും തരത്തിലുള്ള പ്രചരണങ്ങളോ പ്രവർത്തനങ്ങളോ, നടത്തുന്നത് അയോഗ്യത ആയിരിക്കും. അയോഗ്യതകൾ ഉന്നയിക്കപ്പെടുകയും, അത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ഉണ്ടാവുകയും ചെയ്താൽ, അത്തരം പരാതികൾ കേൾക്കുന്നതിനും ആദിയോടന്തം കാര്യങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനുമായി (Monitoring) അഭിവന്ദ്യ ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെ അദ്ധ്യക്ഷതയിൽ നിയമവിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മറ്റിയെ പരിശുദ്ധ ബാവാ തിരുമേനി നിയമിക്കുന്നതാണ്. മോണിറ്ററിംഗ് കമ്മറ്റിയുടെ ശുപാർശകൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കേണ്ടതാണ്.

## B. നടപടിക്രമം

**B-1 : സ്ക്രീനിംഗ് കമ്മറ്റി.**

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് മെത്രാപ്പോലീത്താമാരും, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, അസ്സോസിയേഷൻ സെക്രട്ടറി എന്നീ മൂന്ന് സ്ഥാനികളും, മാനേജിംഗ് കമ്മറ്റിയിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് പേരും (ഒരു വൈദികനും, രണ്ട് അത്മായക്കാരും), സഭയുടെ രണ്ട് വൈദികസെമിനാരികളിൽ നിന്നും മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്ന രണ്ട് സീനിയർ അദ്ധ്യാപകരും ഉൾപ്പെടെ പതിനൊന്ന് (11) പേർ അടങ്ങുന്ന ഒരു സ്ക്രീനിംഗ് കമ്മറ്റി പരിശുദ്ധ ബാവാ തിരുമേനിയുടെ കൽപന മൂലം നിലവിൽ വരുന്നതാകുന്നു. കമ്മറ്റിയുടെ കൺവീനർ ഒരു സീനിയർ മെത്രാപ്പോലീത്ത ആയിരിക്കും. ഓരോ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനും മുൻപായി സ്ക്രീനിംഗ് കമ്മറ്റി രൂപീകരിക്കപ്പെടേണ്ടതും, എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പോടുകൂടി ഈ കമ്മറ്റിയുടെ കാലാവധി അവസാനിക്കുന്നതുമാണ്. കമ്മറ്റിയിൽ ഒഴിവ് വന്നാൽ ആ ഒഴിവ് നികത്തുവാൻ മലങ്കരമെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിക്കും. യുക്തമായ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ സ്ക്രീനിംഗ് കമ്മറ്റി കൂടി നിശ്ചയിച്ച് മലങ്കര മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി നടപ്പാക്കേണ്ടതാണ്.

**B-2: യോഗ്യരായവരെ കണ്ടെത്തൽ**

എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് യോഗ്യരെന്ന് തങ്ങൾക്ക് ബോദ്ധ്യമുള്ളവരുടെ പട്ടിക എല്ലാ മെത്രാസനമെത്രാപ്പോലീത്താമാരും സഭയിലെ എല്ലാ മെത്രാസനങ്ങളിൽ നിന്നുമായി തയ്യാറാക്കി സ്ക്രീനിംഗ് കമ്മറ്റിയുടെ കൺവീനർക്ക് അയച്ചുകൊടുക്കേണ്ടതാണ്. കൂടാതെ അസ്സോസിയേഷൻ അംഗങ്ങളിൽ 30 പേർ ഒപ്പിട്ടും അർഹരായവരുടെ പേരുകൾ സ്ക്രീനിംഗ് കമ്മറ്റിയുടെ കൺവീനർക്ക് സമർപ്പിക്കാവുന്നതാണ്.

**B-3:**

പരിഗണനാർഹരായി ലഭിച്ചിട്ടുള്ള എല്ലാവരിൽ നിന്നും സ്ക്രീനിംഗ് കമ്മറ്റി കൺവീനർ അവരുടെ ബയോഡേറ്റ വരുത്തേണ്ടതാണ്.

http://www.malankaraorthodox.tv

## B-4: കോൺഫിഡൻഷ്യൽ റിപ്പോർട്ട്:

സ്ക്രീനിംഗ് കമ്മറ്റി കൺവീനർ ലഭിച്ചിരിക്കുന്ന പരിഗണനാർഹരായവരുടെ പട്ടികയിൽപ്പെട്ട എല്ലാവരെയും സംബന്ധിച്ച് താഴെ പറയുന്നവരിൽ നിന്ന് കോൺഫിഡൻഷ്യൽ റിപ്പോർട്ട് വരുത്തുക.

(1) അയാളുടെ മെത്രാസന മെത്രാപ്പോലീത്താ.
(2) പട്ടം കൊടുത്ത മെത്രാപ്പോലീത്താ.
(3) ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെത്രാസനത്തിലെ മെത്രാപ്പോലീത്താ
(4) വൈദിക/വേദശാസ്ത്ര/സെക്യുലർ വിദ്യാഭ്യാസം നേടിയ സ്ഥാപനത്തിന്റെ തലവൻ
(5) ഒരു സന്യാസാശ്രമത്തിന്റെയോ, ആത്മീയപ്രസ്ഥാനത്തിന്റെയോ, സഭവക സ്ഥാപനത്തിന്റെയോ അംഗമെങ്കിൽ അതാത് സ്ഥാപനത്തിന്റെ മേലധികാരി.
(6) മാതൃ ഇടവക വികാരി.
(7) ഏതെങ്കിലും സ്ഥാപനത്തിൽ ജോലിചെയ്യുന്നവരെങ്കിൽ ആ സ്ഥാപനത്തിന്റെ മേലധികാരി.
(8) അയാളുടെ ആരാധന, പ്രസംഗം, സാമൂഹ്യബന്ധങ്ങൾ, ഇടവകശുശ്രൂഷ, കൃതികൾ, ലേഖനങ്ങൾ, സാമൂഹ്യസേവന സ്ഥാപനങ്ങൾ, ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ, ആരോഗ്യം, സ്വകാര്യസ്വത്തുക്കൾ, ഏതെങ്കിലും സൊസൈറ്റിയിലോ, ട്രസ്ററിലോ അംഗത്വമുണ്ടെങ്കിൽ അവ സംബന്ധിച്ചുള്ളതായ വിവരങ്ങൾ, പരാതികൾ ഇവയെക്കുറിച്ച് രഹസ്യാന്വേഷണ റിപ്പോർട്ടും ഉണ്ടാക്കണം.
(9) അയാളുടെ സ്വകാര്യ സ്വത്തുക്കൾ, ഏതെങ്കിലും ട്രസ്റ്റിലോ സൊസൈറ്റിയിലോ അംഗത്വമുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവയുടെ പ്രതിജ്ഞാപത്രം (Declaration) അയാളിൽ നിന്നും വാങ്ങിയിരിക്കണം.
(10) പരിഗണനാർഹരായിരിക്കുന്നവരിൽ നിന്ന് എപ്പിസ്കോപ്പാസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള അവരുടെ സമ്മതപത്രം സ്ക്രീനിംഗ് കമ്മറ്റി വാങ്ങിയിരിക്കണം.
**(11) സ്ക്രീനിംഗ് കമ്മറ്റി നിശ്ചയിക്കുന്ന ഒരു ആശുപത്രി തലവനാൽ സാക്ഷ്യപ്പെടുത്തിയ സമഗ്ര ആരോഗ്യസർട്ടിഫിക്കേറ്റ് വാങ്ങിയിരിക്കണം.**

## B-5: തെരഞ്ഞെടുപ്പ് രീതി

**B5(1):** ലഭിച്ചിരിക്കുന്ന പരിഗണനാർഹമായ പേരുകൾ കൺവീനർ സ്ക്രീനിംഗ് കമ്മറ്റിയിൽ സമർപ്പിക്കേണ്ടതാണ്.

**B5(2):** സ്ക്രീനിംഗ് കമ്മറ്റി വിശദമായ ചർച്ചയ്ക്കും, പഠനത്തിനും, വിലയിരുത്തലിനും ശേഷം യോഗ്യരായി കണ്ടെത്തിയവരിൽ നിന്ന് ഇപ്പോൾ സഭയ്ക്ക് ആവശ്യമുള്ള എപ്പിസ്കോപ്പാ സ്ഥാനികളുടെ സംഖ്യയുടെ ഇരട്ടി സംഖ്യ ആളുകളുടെ പേരുകൾ മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായി, മാനേജിംഗ് കമ്മറ്റി കൂടുന്നതിന് 21 ദിവസം മുൻപായി, സ്ക്രീനിംഗ് കമ്മറ്റി കൺവീനർ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് അയച്ചുകൊടുക്കുക. അവരെ ഓരോരുത്തരെയും സംബന്ധിച്ച പ്രധാന വിവരങ്ങൾ കൂടി എല്ലാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും അയച്ചുകൊടുത്തിരിക്കണം.

**B5(2)a** തെരഞ്ഞെടുക്കപ്പെടേണ്ട ആളുകളുടെ ഇരട്ടി സംഖ്യ സ്ക്രീനിംഗ് കമ്മറ്റിക്ക് കണ്ടെത്തുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, പ. ബാവാ തിരുമേനി സ്ക്രീനിംഗ് കമ്മറ്റിയുമായി ആലോചിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്. [2009 ഓഗസ്റ്റ് മാസം 25 മുതൽ 28 വരെ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതും, 2009 ഒക്ടോബർ മാസം 22 -ാം തീയതി സമ്മേളിച്ച മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതുമായ ഭേദഗതി.]

http://www.malankaraorthodox.tv/

**B5(3):** മാനേജിംഗ് കമ്മറ്റിയിൽ സമർപ്പിക്കപ്പെട്ട ലിസ്റ്റിൽ നിന്നും ഇപ്പോൾ സഭയ്ക്ക് ആവശ്യമായിട്ടുള്ള എപ്പിസ്കോപ്പാ സ്ഥാനികളുടെ സംഖ്യയുടെ 50% കൂട്ടിയുള്ള എണ്ണം (150%) ആളുകളുടെ പേരുകൾ മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുത്ത് അസ്സോസിയേഷൻ അംഗങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുക. തെരഞ്ഞെടുക്കപ്പെടേണ്ട എപ്പിസ്കോപ്പാ സ്ഥാനികളുടെ എണ്ണം ഒറ്റസംഖ്യയിലാണെങ്കിൽ ഈ 50% പകുതിക്ക് കൂടുതലായ പൂർണ്ണ സംഖ്യയായി പരിഗണിക്കുന്നതാണ്. അവരുടെ പേരുവിവരങ്ങളും അവരെ ഓരോരുത്തരെയും സംബന്ധിച്ച പ്രധാന വിവരങ്ങളും എല്ലാ അസ്സോസ്യേഷൻ അംഗങ്ങൾക്കും അസ്സോസിയേഷൻ കൂടുന്നതിന് 21 ദിവസം മുൻപായി അസ്സോസിയേഷൻ സെക്രട്ടറി അയച്ചുകൊടുക്കുക.

**B5(4):** പരിഗണിക്കപ്പെടുന്ന സ്ഥാനികൾക്ക് തെരഞ്ഞെടുപ്പിൽ നിന്നും അവരുടെ പേര് ഒഴിവാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

**B5(5):** അസ്സോസിയേഷനിൽ നിർദ്ദിഷ്ട സംഖ്യ എപ്പിസ്കോപ്പാ സ്ഥാനികളെ അസ്സോസിയേഷൻ അംഗങ്ങൾ വോട്ടിട്ട് തെരഞ്ഞെടുക്കുക.

**B5(6):** ഈ നടപടിക്രമം അനുസരിച്ച് പരിഗണിക്കപ്പെടുന്നവരായിരിക്കും നിർദ്ദിഷ്ട സ്ഥാനാർത്ഥികൾ. അല്ലാത്തവർ സ്ഥാനാർത്ഥികളായി അസ്സോസിയേഷനിൽ തെരഞ്ഞെടുപ്പിന് അർഹരായിരിക്കുകയില്ല.

**B5(7):** അസ്സോസിയേഷൻ യോഗത്തിൽ ഹാജരായ വൈദികരുടെ പ്രത്യേകവും, അത്മായക്കാരുടെ പ്രത്യേകവും പകുതിയിലധികം വോട്ടു കിട്ടിയവർ തെരഞ്ഞെടുക്കപ്പെടുവാൻ അർഹരായിരിക്കുന്നതാണ്. ഇപ്രകാരം യോഗ്യരായവർ ആവശ്യത്തിലധികമോ, തുല്യമായോ വന്നാൽ അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുവാൻ ആവശ്യമായവരെ നിർണ്ണയിക്കുന്നതിന്, ഹാജരുള്ള വൈദികരിൽ നിന്നും ലഭിച്ച വോട്ടിന്റെ ശതമാനവും, ഹാജരുള്ള അത്മായക്കാരിൽ നിന്നും ലഭിച്ച വോട്ടിന്റെ ശതമാനവും ഒരുമിച്ച് കൂട്ടുന്നതാണ്. ഏറ്റവും കൂടുതൽ ശതമാനം വോട്ടുകിട്ടിയവരിൽ നിന്നും നിർദ്ദിഷ്ട സ്ഥാനികൾ തെരഞ്ഞെടുക്കപ്പെട്ടതായി യോഗാദ്ധ്യക്ഷൻ പ്രഖ്യാപിക്കുന്നതാണ്.

**B5(8):** ഈ നടപടിച്ചട്ടം നിലവിൽ വരുന്നതോടുകൂടി മെത്രാപ്പോലീത്തന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് മുമ്പ് നിലവിലിരുന്ന എല്ലാ നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളും റദ്ദാക്കിയിരിക്കുന്നു.

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അദ്ധ്യക്ഷനും
മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റുമായ
**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**

---

ഈ മാനദണ്ഡങ്ങളും, നടപടിച്ചട്ടങ്ങളും 2007 ഡിസംബർ 06-ാം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതും, 2008 ഫെബ്രുവരിമാസം 20-ാം തീയതി സമ്മേളിച്ച മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതുമാണ്.
[ Clause A -1 (a), B- 5 (2)a എന്നീ ഭേദഗതികൾ 2009 ഓഗസ്റ്റ് മാസം 25 മുതൽ 28 വരെ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതും, 2009 ഒക്ടോബർ മാസം 22 -ാം തീയതി സമ്മേളിച്ച മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ പ്രസ്താവിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതുമാണ്.]

http://www.malankaraorthodox.tv